ദേശാഭിമാനി
Thu, 30 January 2025

KC

■ ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്

# ബ്ലാക്ക് ആൻഡ് വൈറ്റ് കുണ്ടറയും സ്പോർട്സ് സെർജും ജേതാക്കൾ

**കൊല്ലം**

ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ് പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ ശൂരനാട് സബ് ഇൻസ്പെക്ടർ ദീപു പിള്ള ഉദ്ഘാടനംചെയ്തു. ആൺകുട്ടികളുടെ വിഭാഗത്തിൽ ബ്ലാക്ക് ആൻഡ് വൈറ്റ് കുണ്ടറയും പെൺകുട്ടികളുടെ വിഭാഗത്തിൽ സ്പോർട്സ് സെർജ് കൊല്ലവും ചാമ്പ്യൻമാരായി. ആൺകുട്ടികളിൽ നിലമേൽ 9 സ്റ്റാർ, പാർക്ക് ലിണേഴ്സ് കുളക്കട എന്നിവരും പെൺകുട്ടികളിൽ പാർക്ക് ലിണേഴ്സ് കുളക്കട, ജെഎംഎച്ച്എസ് ശാസ്താംകോട്ട സ്കൂളും യഥാക്രമം രണ്ട്, മൂന്ന് സ്ഥാനം സ്വന്തമാക്കി. വിജയികൾക്ക് ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് വി എം പ്രേം നവാസ് ട്രോഫി സമ്മാനിച്ചു. ജില്ലാ അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് സാബുജാൻ അധ്യക്ഷനായി. ബിനൗഫിൻ സ്വാഗതവും അനൂപ് നന്ദിയും പറഞ്ഞു. രമേശ്, ഷിബു ബേബി, ഷേബ, അനസ്, അഞ്ജുനാഥ് തുടങ്ങിയവർ സംസാരിച്ചു.



ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ് സബ് ഇൻസ്പെക്ടർ ദീപുപിള്ള ഉദ്ഘാടനംചെയ്യുന്നു